# തീവ്രവാദത്തിനെതിരായ സമരം

**കഴിഞ്ഞ** നവംബർ അവസാനവാരം മുംബൈയിലുണ്ടായ തീവ്രവാദി ആക്രമണം ഇരുന്നൂറോളം പേർ മൃഗീയമായി കൊല്ലപ്പെട്ട ദുഃഖകരമായ ഭീകരസംഭവം മാത്രമല്ല, മുഴുവൻ മനുഷ്യവർഗത്തിനും ഏറെ കനത്ത ആഘാതമാണ്. ഇന്ത്യാ രാജ്യത്തിന്റെ അസ്തിത്വത്തിനു നേരെത്തന്നെ വെല്ലുവിളിയുയർത്തിക്കൊണ്ട് നൂറു കോടിയിൽപരം വരുന്ന മഹത്തായ ഈ ജനതയെ അപമാനിക്കുകയുമാണ് ഭീകരന്മാർ ചെയ്തത്.

സംഭവിച്ചത് സംഭവിച്ചു. അത്തരം ആക്രമണങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള നടപടികളെക്കുറിച്ചാണ് ഇനി നാം ചിന്തിക്കേണ്ടത്. അതിനു നടന്നു കഴിഞ്ഞതിന്റെ കാരണങ്ങളും പശ്ചാത്തലങ്ങളും കൂലങ്കഷമായി പരിശോധിക്കുകയും പ്രതിരോധ സന്നാഹങ്ങളുടെ ന്യൂനതകൾ പരിഹരിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. ഇക്കാര്യത്തിൽ ഇന്ത്യൻ ജനത ഒറ്റക്കെട്ടായി നിൽക്കുകയാണ് ഒന്നാമതായി വേണ്ടത്. സുരക്ഷാ സജ്ജീകരണം എത്ര കുറ്റമറ്റതായാലും ആഭ്യന്തര ഭിന്നിപ്പുകൾ ശത്രുക്കൾക്ക് അനായാസം നുഴഞ്ഞുകയറാനുള്ള പഴുതുകളായി അവശേഷിക്കും.

രഹസ്യാന്വേഷണ ഏജൻസികളുടെ വീഴ്ചകൾ, രക്ഷാസേനയുടെ പാളിച്ചകൾ, അവ രണ്ടിനെയും നിയന്ത്രിക്കുന്ന കേന്ദ്ര-സംസ്ഥാന സർക്കാറുകളുടെ നയവൈകല്യങ്ങളും പിടിപ്പുകേടുകളും ഇങ്ങനെ പല സംഗതികൾ മുംബൈ ആക്രമണത്തിന്റെ കാരണങ്ങളായി പറയപ്പെടുന്നുണ്ട്. അതിലൊക്കെ തീർച്ചയായും സത്യമുണ്ട്. രഹസ്യാന്വേഷണ ഏജൻസികളും തീരരക്ഷാസേനയും കുറേക്കൂടി കാര്യക്ഷമമായിരുന്നുവെങ്കിൽ തീവ്രവാദികൾക്ക് ഇത്ര അനായാസമായി, ഇത്ര ഭയങ്കരമായൊരു ആഘാതം ഈ രാജ്യത്തിനേൽപിക്കാൻ കഴിയുമായിരുന്നില്ല. പക്ഷേ ഒന്നുണ്ട്; മുളച്ചു വളർന്ന ശേഷം പ്രവർത്തനക്ഷമമാകുന്ന തീവ്രവാദത്തെ മാത്രമേ ഇന്റലിജൻസും സെക്യൂരിറ്റി ഫോഴ്സും അഭിമുഖീകരിക്കുകയുള്ളൂ. ഭീകരാക്രമണങ്ങൾ രോഗലക്ഷണങ്ങളാണ്. തീവ്രവാദമാണ് രോഗം. ഭാരതം തീവ്രവാദത്തിന്റെ വളക്കൂറുള്ള മണ്ണായിത്തീർന്നതെങ്ങനെയെന്ന് നിശിതമായും നിഷ്പക്ഷമായും അന്വേഷിച്ചു കണ്ടെത്തേണ്ടതുണ്ട്. വർധിച്ചുവരുന്ന സാമ്പത്തിക അസമത്വം, രാജ്യത്തിന്റെ മൊത്തം സംവിധാനത്തിൽ അധഃസ്ഥിത വിഭാഗങ്ങളിലും ന്യൂനപക്ഷ സമൂഹങ്ങളിലും വളർന്നുവരുന്ന അവിശ്വാസം, വർഗീയ ഫാഷിസ്റ്റ് ശക്തികൾ ഭരണരംഗത്തു നേടിയ സ്വാധീനം, ഇന്ത്യയെ വരുതിയിലാക്കാൻ സാമ്രാജ്യത്വശക്തികൾ പയറ്റിക്കൊണ്ടിരിക്കുന്ന കുത്സിതതന്ത്രങ്ങൾ, നമ്മുടെ അയൽപക്ക ബന്ധങ്ങളിലുള്ള അസ്വാരസ്യങ്ങൾ ഇവയൊക്കെ തീവ്രവാദത്തിന്റെയും ഭീകര വിധ്വംസക പ്രവർത്തനങ്ങളുടെയും ഉത്തമ വളങ്ങളാണ്. എന്നാൽ മാധ്യമങ്ങളിലും പൊതുവേദികളിലും നടക്കുന്ന തീവ്രവാദ വിരുദ്ധ ചർച്ചകളിൽ പ്രശ്നത്തിന്റെ ഈ വശം തീരെ അവഗണിക്കപ്പെടുന്നതായാണ് കാണുന്നത്.

ഈ വിഷയത്തിൽ രാഷ്ട്രീയ കക്ഷികളുടെ നിലപാടുകളിലുള്ള ഭിന്നതയാണ് ഏറെ ഖേദകരം. ഭരണകക്ഷിയുടെയും ഗവൺമെന്റിന്റെയും ദൃഷ്ടിയിൽ ഇന്ത്യയിൽ അരങ്ങേറുന്ന ഭീകരാക്രമണങ്ങളുടെയെല്ലാം പിന്നിൽ പാകിസ്താനാണ്. ഗവൺമെന്റിനോ അതിന്റെ മിഷനറികൾക്കോ അതിൽ യാതൊരു കുറ്റവുമില്ല. ഭീകരാക്രമണങ്ങളാൽ നമ്മളേക്കാൾ പൊറുതി മുട്ടിയ അവസ്ഥയിലാണ് പാകിസ്താൻ എന്നതാണ് യാഥാർഥ്യം. പ്രതിപക്ഷത്തിന്റെ നോട്ടത്തിൽ ഗവൺമെന്റിന്റെ തെറ്റായ നയങ്ങളും പിടിപ്പുകെട്ട നടപടികളുമാണ് തീവ്രവാദം വളർത്തുന്നത്. പ്രതിപക്ഷത്തെ അധികാരത്തിലേറ്റുകയാണ് ഏക പരിഹാരം. 'പോട്ട' പോലുള്ള കരിനിയമങ്ങൾ കൊണ്ടുവന്ന് അവർ തീവ്രവാദത്തെ കടൽ കടത്തുമത്രെ. തീവ്രവാദി ആക്രമണത്തേക്കാൾ പ്രബുദ്ധ കേരളത്തിൽ ഏറെ ഉയർന്നു കേട്ട ചർച്ച, തീവ്രവാദി ആക്രമണത്തിൽ കൊല്ലപ്പെട്ട എൻ.എസ്.ജി ജവാൻ സന്ദീപ് ഉണ്ണികൃഷ്ണന്റെ വീട്ടിൽ മുഖ്യമന്ത്രി അച്യുതാനന്ദൻ നടത്തിയ അനുശോചന സന്ദർശനമാണ്. മുംബൈ സംഭവത്തെ രാഷ്ട്രീയമായി എങ്ങനെയൊക്കെ മുതലെടുക്കാം എന്നാണ് എല്ലാ പാർട്ടികളും ചിന്തിക്കുന്നത്. തീവ്രവാദത്തോടും ഭീകരവാദത്തോടുമുള്ള വിരോധം കക്ഷി രാഷ്ട്രീയത്തിന്റെ താൽക്കാലിക തന്ത്രം മാത്രമായി ലഘൂകരിക്കപ്പെടുകയാണിവിടെ.

തീവ്രവാദത്തോടും ഭീകരപ്രവർത്തനത്തോടുമുള്ള ഇസ്ലാമിക പ്രസ്ഥാനത്തിന്റെ എതിർപ്പ് താൽക്കാലിക നയമോ പ്രവർത്തനതന്ത്രമോ അല്ല; സ്ഥായിയും ആദർശാത്മകവുമാണത്. ആധുനികലോകം നേരിടുന്ന മഹാ വിപത്തായിട്ടാണ് ഭീകരതയെ- അത് സ്റ്റേറ്റ് ഭീകരതയായാലും ആന്റി സ്റ്റേറ്റ് ഭീകരതയായാലും- ഇസ്ലാമിക പ്രസ്ഥാനം കാണുന്നത്. നിർമിക്കുകയും സംസ്കരിക്കുകയുമാണ് മനുഷ്യന്റെ പ്രകൃതിപരമായ നിയോഗം. മുസ്ലിമിന്റെ അടിസ്ഥാന ദൗത്യമായി ഇസ്ലാം കൽപിക്കുന്നതും അതുതന്നെയാണ്. മനുഷ്യൻ ഭൂമിയിൽ നാശകാരിയായി വർത്തിക്കരുതെന്ന് ഖുർആൻ ആവർത്തിച്ച് ഉദ്ബോധിപ്പിക്കുന്നുണ്ട്. ദൈവദൂതന്മാരുടെ പ്രാഥമിക സന്ദേശമായിരുന്നു അത്. സ്വാലിഹ് പ്രവാചകൻ ജനങ്ങളെ പ്രബോധനം ചെയ്ത് ഖുർആൻ ഉദ്ധരിക്കുന്നു: "ദൈവത്തോട് ഭക്തിയുള്ളവരായിരിക്കുവിൻ. നാട്ടിൽ സംസ്കരണ പ്രവർത്തനത്തിലേർപ്പെടാതെ നശീകരണ നടപടികളിലേർപ്പെടുന്ന അതിരുവിട്ടവരുടെ - തീവ്രവാദികളുടെ- കൽപനകൾക്ക് വഴങ്ങാതിരിക്കുവിൻ" (26:150-153). "നാട്ടിൽ നാശം പരത്താതിരിക്കുവിൻ, നാശകാരികളെ അല്ലാഹു സ്നേഹിക്കുന്നില്ല" (28:77). ദൈവത്തോടും ദൈവദൂതനോടുമുള്ള യുദ്ധത്തിനു സമാനമായിട്ടാണ് ചില സൂക്തങ്ങൾ നശീകരണ പ്രവർത്തനങ്ങളെ വിലയിരുത്തുന്നത്. സമകാലീന സാഹചര്യത്തിൽ ഇസ്ലാമിക പ്രവർത്തകർ തീവ്രവാദത്തിനും ഭീകരതക്കുമെതിരായ സമരം ഒരു ദീനീ ബാധ്യതയായി ഏറ്റെടുക്കണം എന്നത്രെ ഈദൃശമായ ഖുർആൻ സൂക്തങ്ങൾ താൽപര്യപ്പെടുന്നത്. മനുഷ്യാവകാശദിനമായ ഡിസംബർ 10 ഭീകരതാവിരുദ്ധ കൂട്ടായ്മ കൂടിയായി ആചരിക്കണമെന്ന് ജമാഅത്തെ ഇസ്ലാമി അതിന്റെ പ്രവർത്തകരോട് ആഹ്വാനം ചെയ്തത് അതുകൊണ്ടാണ്. ഒരു തുടക്കം മാത്രമായിരുന്നു അത്. പ്രവർത്തകർ ഈ സമരം തുടർന്നും മുന്നോട്ടു കൊണ്ടുപോകേണ്ടതുണ്ട്; തീവ്രവാദവും അതുളവാക്കുന്ന നാശങ്ങളും നാട്ടിൽനിന്ന് നിർമാർജനം ചെയ്യപ്പെടുന്നതുവരെ. ■